©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| Vol. II<br>വാല്യം 2 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 14th May 2013<br>2013 മേയ് 14<br>24th Vaisakha 1935<br>1935 വൈശാഖം 24 | No.<br>നമ്പർ | 1345 |
|---|---|---|---|---|

### കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

### വിജ്ഞാപനം

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 12/2013/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2013 ഏപ്രിൽ 17.*

**എസ്.ആർ.ഒ. നമ്പർ 398/2013.**—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റ് (1969-ലെ 7) 1ബി വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1974 ഏപ്രിൽ 30-ാം തീയതി 114885/0/72/പി.ഡി. ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തെ ഭാഗികമായി മാറ്റം വരുത്തിക്കൊണ്ടും, കേരള സർക്കാർ, നിയമ വകുപ്പിൽ, ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ടതാണെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ്കുമാർ
*ഗവൺമെന്റ് സെക്രട്ടറി.*

33/2220/2013/DTP.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം സൂചിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റിലെ 1ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. 1974 ഏപ്രിൽ 30-ാം തീയതി 114885/0/72/പി.ഡി. നമ്പരായി പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയലുകളുടെ കുറിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനത്തിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ആയിരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചി രുന്നു. ഇപ്പോൾ, നിയമവകുപ്പിൽ, ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ടതാണെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Personnel and Administrative Reforms (Official Language) Department**

NOTIFICATION

G. O. (P) No. 12/2013/P&ARD. *Dated. Thiruvananthapuram 17th April, 2013.*

**S.R.O. No. 398/2013.**—In exercise of the powers conferred by section IB of the Kerala Official Languages Act, 1969 (7 of 1969), and in partial modification to the Notification issued as No. 114885/0/72/PD dated 30th April, 1974, the Government of Kerala hereby direct that Malayalam shall be used as the official language for all official purposes in the Law Department except where English and the Minority Languages of the State namely, Tamil and Kannada have to be used as official language, as provided by law.

By order of the Governor,

K. SURESHKUMAR,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section IB of the Kerala Official Languages Act, 1969 empowers the Government to issue notification directing that Malayalam or English shall be used in respect of such official purposes as may be specified in the notification. Vide notification issued as No.114885/0/72/PD dated 30th April 1974, the Government had notified to use English or Malayalam at the discretion of the concerned officer for writing notes in the files of the Government Secretariat. The Government have now decided to notify that Malayalam shall be used in the Law Department, for all official purposes except where English and the Minority Languages of the State namely, Tamil and Kannada have to be used as official language, as provided by law.

This notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.